സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത, ക്ഷാമാശ്വാസം എന്നിവയുടെ വർദ്ധനവ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 11900/11/Est-1** നന്തൻകോട്, **10/02/2026**

---

പരാമർശം :- (1) 04-02-2026 ലെ GO(P) No. 15/2026/Fin നമ്പർ ഉത്തരവ്.
(2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 09-02-2026 ലെ DA 219/26/E-1 നമ്പർ റിമാർക്സ്

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയുടേയും പെൻഷൻകാരുടെ ക്ഷാമാശ്വാസത്തിന്റേയും നിരക്ക് 22 % ൽ നിന്നും 25 % ആയി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു( പരാമർശം -1).

ആയത് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭ്യമാക്കി (പരാമർശം - 2).

പ്രസ്തുത വിഷയം ബോർഡ് പരിശോധിച്ചശേഷം ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും 22 ശതമാനത്തിൽ നിന്നും 25 ശതമാനമായി വർദ്ധിപ്പിക്കുന്നു.
- കാരാണ്മ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ടി ക്ഷാമബത്ത വർദ്ധനവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത, ജീവനക്കാരുടെ 2026 ഫെബ്രുവരി മാസത്തേ ശമ്പളത്തോടൊപ്പവും ക്ഷാമാശ്വാസം, പെൻഷൻകാരുടെ 2026 മാർച്ച് മാസം മുതലുള്ള പെൻഷനോടൊപ്പവും നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK